(സി)	തിരുവനന്തപുരം	272
	കൊല്ലം	15
	ആലപ്പുഴ	18
	പത്തനംതിട്ട	41
	കോട്ടയം	21
	ഇടുക്കി	63
	എറണാകുളം	95
	തൃശ്ശൂർ	155
	പാലക്കാട്	107
	മലപ്പുറം	153
	കോഴിക്കോട്	3
	കണ്ണൂർ	74
	വയനാട്	(ഇല്ല)
	കാസർ ഗോട്	16
	ആകെ	1033

(ഡി) വിവരം ശേഖരിച്ചു വരുന്നു.

മുൻമന്ത്രിയുടെ യാത്രാബത്ത

152. [198] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജല അതോറിറ്റി ചെയർമാൻ എന്ന നിലയിൽ മുൻ ജലസേചന വകുപ്പുമന്ത്രി യാത്രാ ബത്ത വാങ്ങിയിരുന്നുവോ ?

(ബി) എങ്കിൽ എത്ര രൂപ വാങ്ങി ?

ഉത്തരം

(എ) വാങ്ങിയിരുന്നു.

(ബി) മൊത്തം 35,353.75 രൂപ വാങ്ങിയിട്ടുണ്ട്.

ഭൂഗർഭജലം കൃഷിക്കുപയുക്തമാക്കുവാൻ നടപടി

153. [199] ശ്രീ. ടി. എസ്. ജോൺ :
,, പി. സി. ജോർജ് :
,, സി. എഫ്. തോമസ് :
,, എം. വി. മാണി :
,, തോമസ് കല്ലംപള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷകരുടെ സഹകരണത്തോടെ ഭൂഗർഭജലം കൃഷിക്കുപയുക്തമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) സാമൂഹിക ജലസേചനപദ്ധതി 1986-87 സാമ്പത്തിക വർഷത്തിൽ ഗ്രാമ പ്രദേശങ്ങളിലേക്കും വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

സംസ്കൃത പാരമ്പര്യമുൾക്കൊള്ളുന്ന ലളിത കലകളുടെ പഠനവും പ്രോൽസാഹനവും സംസ്കൃത, ഗ്രീക്ക്, ലാറ്റിൻ, അറബി, പാലി മുതലായ ഭാഷകളെപ്പറ്റിയുള്ള താരതമ്യപഠനം, സംസ്കൃതം തെക്കു കിഴക്കൻ ഏഷ്യൻഭാഷകളിലും മറ്റും ചെലുത്തിയിട്ടുള്ള സ്വാധീനത്തിന്റെ പര്യവേക്ഷണം, ശേഖിയോൽഗ്രഥനത്തെ മുൻനിർത്തിക്കൊണ്ട് സംസ്കൃതവും തദ്ദേശീയ ഭാഷകളും തമ്മിലുള്ള സാഹിത്യപരവും, ഭാഷാപരവുമായ താരതമ്യപഠനം, അഖിലേന്ത്യാ സർവ്വീസുകളിലെ ഉദ്യോഗസ്ഥൻമാർക്ക് ഭാരതീയ സംസ്ക്കാരത്തെപ്പറ്റി കൂടുതൽ അറിവു നൽകുന്ന പ്രത്യേക കോഴ്സുകളും നടത്തുക തുടങ്ങിയവ ഈ സർവ്വകലാശാലയുടെ മുഖ്യലക്ഷ്യങ്ങളായിരിക്കണം.

തദ്ദേശീയരും വിദേശീയരുമായ പണ്ഡിതൻമാർക്ക് താമസിച്ച് ഉന്നത പഠനവും ഗവേഷണവും നടത്തുന്നതിനുള്ള സൗകര്യങ്ങളും നൽകുന്നതോടൊപ്പം ഈ സർവ്വകലാശാല ഉത്തരേന്ത്യയിലും ദക്ഷിണേന്ത്യയിലുമുള്ള സംസ്കൃത പണ്ഡിതൻമാരുടെ ഒരു സമ്പർക്കവേദിയായി വർത്തിക്കുകയും വേണം. സർവ്വോപരി ദേശീയോദ്ഗ്രഥനവും അന്തർദേശീയ ധാരണയും വളർത്തുക എന്നുള്ളത് ഈ സർവ്വകലാശാലയുടെ ഉദ്ദേശ ലക്ഷ്യങ്ങളിൽ ഉൾപ്പെടുത്തണം.

അനുബന്ധം II

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ [152] കാണുക

സംസ്ഥാനത്ത് ഇപ്പോൾ ടോൾ പിരിക്കുന്ന പാലങ്ങൾ

നാഷണൽ ഹൈവേ വിഭാഗം

1. വളപട്ടണം
2. പുതുപൊന്നാനി
3. കോട്ടപ്പുറം
4. പേരുവ

റോഡുകളും പാലങ്ങളും വിഭാഗം

1. അരീക്കോട് പാലം
2. പുതൂർ പാലം
3. മുണ്ടത്തോട് പാലം
4. പാനിയംകടവ് പാലം
5. കൊടുമ്പ കോസ്വെ
6. ചപ്പാരപ്പടവ് പാലം
7. അരുവിപ്പുറം പാലം
8. എടത്തറക്കടവ് പാലം
9. മടക്കര പാലം
10. പൊറത്തേൽ പാലം
11. മണക്കൽക്കടവ് പാലം
12. മാങ്കാവ് പാലം

LIBRARY ARCHIVES Kerala Legislative Assembly